കൃഷിവകുപ്പുമന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): സർ, ഓണാട്ടുകര പ്രദേശത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ആ പ്രദേശത്തിന്റെ സമഗ്രമായ വികസനത്തിനുംവേണ്ടി ഗവൺമെന്റ് ഒരു കൂടു പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. നെൽക്കൃഷിക്കാവശ്യമായ ജലസേചനം മുതലായ കാര്യങ്ങൾ വർദ്ധിപ്പിച്ചിരിക്കുകയാണ്. തെങ്ങിന് ജലസേചനത്തിനുവേണ്ടി പമ്പിംഗ് യൂണിറ്റുകൾ സ്ഥാപിക്കുക, രാസവള പ്രയോഗം പ്രോൽസാഹിപ്പിക്കുക, അത്യുൽപ്പാദന ശേഷിയുള്ള എള്ളിനങ്ങളുടെ കൃഷി വ്യാപിപ്പിക്കുക ഇവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 19-9-1985-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൽ ഈ പദ്ധതിക്കും അതിന്റെ കാര്യക്ഷമമായ നടത്തിപ്പിനുംവേണ്ടി ഓണാട്ടുകര വികസന അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(18) പുനലൂർ-വെട്ടിപ്പുഴപാലം പുതുക്കിപ്പണിയൽ

ശ്രീ. വി. സുരേന്ദ്രൻ പിള്ള: സർ, എന്റെ നിയോജകമണ്ഡലത്തിലെ തകർന്നു വീഴാറായ പാലങ്ങളിൽ വളരെ പ്രധാനപ്പെട്ടതാണ് പുനലൂരുള്ള വെട്ടിപ്പുഴ പാലം. 90 വർഷങ്ങൾക്കു മുമ്പ് പണിത ഈ പാലം ഇന്ന് ഏതു നിമിഷവും തകരാവുന്ന അപകട സ്ഥിതിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ആ പാലത്തിന് എന്തെങ്കിലും സംഭവിച്ചാൽ തിരുവനന്തപുരത്തു നിന്ന് പുനലൂർ വഴി പോകുന്ന മുഴുവൻ വാഹനങ്ങളുടേയും യാത്ര നിലയ്ക്കുകയാണ്. അടുത്ത കാലത്ത് അത് ഒരു കോൺട്രാക്ടർക്ക് ടെൻഡർ കൊടുത്തു. കോൺട്രാക്ടർ പണി ഏറ്റെടുത്ത് വർക്ക് തുടങ്ങി. എന്തോ ചില കാരണങ്ങളാൽ കഴിഞ്ഞ രണ്ടു വർഷങ്ങൾക്കുമുമ്പ് പണി ഇട്ടേച്ചുപോയ ശേഷം അവിടെ താല്ക്കാലികമായി ഒരു പാലമുണ്ടാക്കി അപകടം തരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇന്ന് അതിന്റെ പണി പൂർത്തിയാക്കാൻ യാതൊരു നിവൃത്തിയുമില്ല. ഇപ്പോൾ അക്വിസിഷൻ നടപടികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുകയാണ്. ഏത്രയും പെട്ടെന്ന് അക്വിസിഷൻ നടപടികൾ പൂർത്തിയാക്കി പാലം പുതുക്കിപണിയുന്നതിനുവേണ്ടി എന്തു നടപടികളുണ്ടെങ്കിലും അത് സ്വീകരിച്ച്, അവിടെ താമസിക്കുന്ന കച്ചവടക്കാരെ നിരാബിലിറ്റേറ്റ് ചെയ്യുന്നവർക്ക് ന്യായമായി കിട്ടാനുള്ള കോമ്പൻസേഷൻ കൊടുത്തു ഈ പാലത്തിന്റെ പണി പെട്ടെന്ന് പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

മി. സ്പീക്കർ: ഇതിന് മറുപടി പിന്നീട് പറയുന്നതാണ്.

(19) വടകരയിലെ വില്യാപ്പള്ളി ടൗണിലുള്ള സഹകരണ ഓർഫനേജിൽനിന്നും ആശുപത്രിയിൽനിന്നും റോഡിലേക്കൊഴുക്കി വിടുന്ന മലിനജലം

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, വടകരയിലടുത്ത് വില്യാപ്പള്ളി ടൗണിൽ സഹകാര്യ മേഖലയിൽ ഓർഫനേജും എം.ജി. ആശുപത്രി എന്ന പേരിൽ ഒരാശുപത്രിയും പ്രവർത്തിക്കുന്നുണ്ട്. മൂന്നു നാലുമാസമായിട്ട് ഈ സ്ഥാപനങ്ങളിൽനിന്ന് വളരെ വലിയ തോതിൽ

LIBRARY ARCHIVES Kerala Legislative Assembly

മലിനജലം, ചെളി—ഇതെല്ലാം പി.ഡബ്ലിയു.ഡി. റോഡിലേക്ക് ഒഴുക്കിവിടുകയാണ്. അവിടെയുള്ള മെയിൻ റോഡാണ് ഇത്. ഇതുമൂലം ഏതാണ്ട് അമ്പത് വീടുകളും വളരെ ബുദ്ധിമുട്ടിലാണ് ഏതാനും വീട്ടുകാർ അവിടെനിന്നും ഒഴിഞ്ഞുപോയി. അവിടത്തെ കിണറുകളിലെ വെള്ളംപോലും ഉപയോഗിക്കാൻ സാധിക്കാത്തരീതിയിലായിരിക്കുന്നു. ഞാൻ ആ റോഡിൽ കൂടി സാധാരണ പോകാറുണ്ടെങ്കിലും ഒരു മാസംമുമ്പ് അവിടെയുള്ള ജനങ്ങളുടെ ആവശ്യപ്രകാരം അവിടെയിറങ്ങി ഞാൻ ഇതെല്ലാം നോക്കിക്കണ്ടതാണ്. ഈ അവസ്ഥയെക്കുറിച്ച് ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥൻമാർക്കും എഴുതി. എല്ലാ ഉദ്യോഗസ്ഥൻമാരുടെയ്കെയിൽനിന്നും മറുപടി കിട്ടി. ഇതിനെപ്പറ്റി പരിശോധിച്ച് വേണ്ടത് ചെയ്യാമെന്ന്. എന്നാൽ ഇന്നുവരെ അവിടെയാതൊരു നടപടിയും എടുത്തിട്ടില്ല. അതിൽ വളരെ ബുദ്ധിമുട്ടുണ്ട്. അവിടെ താമസിക്കുന്നവർക്ക് ഇത് വളരെ പ്രയാസങ്ങളും ഉണ്ടാക്കുന്നുണ്ട്. മലിനജലം പി.ഡബ്ലിയു.ഡി. റോഡിലേക്ക് വരാതിരിക്കാൻ വേണ്ട ഫിൽറ്റ്പ്പാടുകളും ചെയ്യേണ്ടത് സ്വകാര്യ സ്ഥാപനങ്ങളുടെ ബാദ്ധ്യതയാണ്. അത് നിറവേറ്റുവാനായി ഗവൺമെൻറ് ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുക്കണം.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, വില്യാപ്പള്ളിയിലുള്ള സ്വകാര്യ ആശുപത്രിയിൽനിന്നു പോകുന്ന വെള്ളം അവിടത്തെ കിണറുകളിലെ വെള്ളത്തെ കേടു വരുത്തുന്നതായിട്ട് പരാതി ഉണ്ടായിട്ടുണ്ട്. ആഗസ്റ്റ്മാസം 14–ാം തീയതിയാണ് ആദ്യമായി എനിക്ക് ഇതിനെ സംബന്ധിച്ച് പരാതി കിട്ടിയത്. ശ്രീ. ചന്ദ്രശേഖരന്റെ ഒരു ലറ്ററുണ്ടായിരുന്നു. ആ ലറ്റർ കിട്ടിയതിനുശേഷം ഡയറക്ടറോട് പോയി അന്വേഷിക്കാൻ പറഞ്ഞു. ഡയറക്ടറുടെ അന്വേഷണത്തിൽ വെള്ളത്തിന് കേടു വരുന്നതായി മനസ്സിലാക്കാൻ കഴിഞ്ഞു. അതിനാവശ്യമായ ശുദ്ധീകരണം ഉടനടിയുള്ള നടപടികളും സ്വീകരിക്കാൻ വേണ്ടി ഡിസ്ട്രിക്ട് മെഡിക്കൽ ആഫീസർക്ക് ഡയറക്ഷൻ കൊടുത്തു കഴിഞ്ഞിരിക്കുകയാണ്. അതിനെ സംബന്ധിച്ച് അവിടെ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. ഏതായാലും ശരി ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

(20) തേവര, തോപ്പുംപടി പാലങ്ങൾക്കു സമാന്തരമായി പുതിയ പാലങ്ങൾ പണിയേണ്ടതിന്റെ ആവശ്യകത

(ശ്രീ. കെ.എം. ഹംസക്കുഞ്ഞ്: സർ, തോപ്പുംപടി, തേവര പാലങ്ങളെ സംബന്ധിച്ചും അവിടെയുള്ള ഗതാഗതത്തിനുള്ള പ്രയാസങ്ങളെ സംബന്ധിച്ചും ഈ സഭയിൽ പല സന്ദർഭങ്ങളിലും സൂചിപ്പിച്ചിട്ടുള്ളതാണ്. ഒരിക്കൽകൂടി അവിടെയുള്ള പ്രയാസങ്ങളെ ബഹുമാനപ്പെട്ട സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു തുറമുഖ പട്ടണമെന്ന നിലയിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്ന കേരളത്തിലെ ഒരു പട്ടണമാണ് ഇത്. ഇന്ന് ഗതാഗതത്തിന്റെ കാര്യത്തിൽ ഇവിടെയിരിക്കുന്ന പലർക്കും അനുഭവപ്പെട്ടിട്ടുള്ള രണ്ടു പാലങ്ങളാണ് തോപ്പുംപടി പാലവും തേവര പാലവും. മറ്റുള്ള പട്ടണങ്ങളിലെ പ്രയാസങ്ങളെക്കാളും

LIBRARY ARCHIVES Kerala Legislative Assembly